ജന ഔഷധിയുടെ കാര്യത്തിലും എന്തു ചെയ്യണമെന്നതു സംബന്ധിച്ച് ആലോചിക്കാം. ജനറിക് നെയിമാണ് ഡോക്ടർമാർ ഉപയോഗിക്കേണ്ടത്. അല്ലെങ്കിൽ കൊള്ള ലാഭം ഉണ്ടാക്കുന്നതിന് കമ്പനികൾക്ക് കൂട്ടു നിൽക്കുന്നതിന് മാത്രമേ ഇടയാകൂ എന്നുള്ളത് വളരെ ശരിയാണ്.

(12) പ്രതീക്ഷാ ഭവന്റെ ശോച്യാവസ്ഥ

<u>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി</u>: സർ, മലപ്പുറം ജില്ലയിൽ തവനൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാനസിക വൈകല്യമുള്ള ആളുകളെ സംരക്ഷിക്കുന്ന പ്രതീക്ഷാഭവനിലെ ശോച്യാവസ്ഥയെക്കുറിച്ചാണ് സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. 1976-ൽ സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ മഞ്ചേരിയിൽ ആരംഭിച്ച ഈ സ്ഥാപനം കഴിഞ്ഞ കുറച്ച് വർഷങ്ങളായി തവനൂരിലേക്ക് മാറ്റി സ്ഥാപിക്കുകയാണുണ്ടായത്. മാനസിക വൈകല്യം സംഭവിച്ച ആളുകളെ സംരക്ഷിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ സർക്കാരിനു കീഴിൽ സംസ്ഥാനത്ത് ആകെ മൂന്ന് സ്ഥലങ്ങളിലാണുള്ളത്. അതിൽ ഒന്ന് കോഴിക്കോട് എച്ച്.എം.ഡി.സി. ആണ്. ഇവിടെ 18 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളെയാണ് സംരക്ഷിക്കുന്നത്. മറ്റൊന്ന് തൃശൂർ പ്രത്യാശാ ഭവൻ. ഇവിടെ മാനസിക വൈകല്യങ്ങളുള്ള സ്ത്രീകളെയാണ് പാർപ്പിക്കുന്നത്. പിന്നീടുള്ളത് തവനൂരിലെ പ്രതീക്ഷാ ഭവനാണ്. ഇവിടെ 18 വയസ്സിന് മുകളിലുള്ള കുട്ടികളെയാണ് താമസിപ്പിക്കുന്നത്. തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന മാനസിക വൈകല്യമുള്ള ആളുകളെ പോലീസ് പിടിച്ച് കോടതിയുടെ നിർദ്ദേശപ്രകാരമാണ് ഇവിടെ പാർപ്പിക്കുന്നത്. ആകെ പതിനഞ്ച് ആളുകൾക്കു മാത്രമാണ് ഇവിടെ താമസിക്കുവാനുള്ള സൗകര്യമുള്ളത്. കോടതി നിർദ്ദേശപ്രകാരവും മറ്റുമായി ഇപ്പോൾ 50 ആളുകളാണ് ഈ സ്ഥാപനത്തിൽ കഴിയുന്നത്. ഇത്രയും ആളുകൾക്ക് ഇവിടെ താമസിക്കൻ വേണ്ട സൗകര്യം നന്നേ കുറവായതിനാൽ അടിയന്തരമായി ഇവർക്ക് താമസിക്കാനുള്ള സൗകര്യങ്ങളും ഉണ്ടാക്കണം. അതേപോലെ ഇവർ മാനസിക വൈകല്യമുള്ളവരായതുകൊണ്ട് കുളിക്കാനും ഭക്ഷണം കഴിക്കാനുമൊക്കെ പല പ്രയാസങ്ങളും അനുഭവിക്കുന്നുണ്ട്. അവിടത്തെ സ്റ്റാഫിന്റെ പോരായ്മ നികത്തണം. മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി യോഗം ചേരാനുള്ള സംവിധാനവും ഉണ്ടാക്കണം.

<u>ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)</u>: സർ, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാ ഭവൻ മാനസിക വൈകല്യമുള്ള പ്രായപൂർത്തിയായിട്ടുള്ള പുരുഷന്മാർക്കു വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. മാനസിക വൈകല്യമുള്ള കുട്ടികൾക്കു വേണ്ടിയുള്ള സ്ഥാപനമായ ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രണിലെ അന്തേവാസികൾ പ്രായപൂർത്തിയാകുന്ന മുറയ്ക്ക് പുരുഷന്മാരെ പ്രതീക്ഷാ ഭവനിൽ പ്രവേശിപ്പിക്കാറുണ്ട്. കോടതി ഉത്തരവു പ്രകാരം പ്രവേശനം അനുവദിക്കപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

മാനസിക വൈകല്യമുള്ളവരും ഈ സ്ഥാപനത്തിലുണ്ട്. 50 അന്തേവാസികൾക്കാണ് ഈ സ്ഥാപനത്തിൽ പ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ സ്ഥാപനത്തിൽ 50-പേരോളം ഉണ്ട്. സ്ഥാപനം പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിൽ സ്ഥലസൗകര്യം വളരെ പരിമിതമാണെന്ന കാര്യം മന്ത്രി എന്നുള്ള നിലയിൽ ഞാനും സാമൂഹ്യക്ഷേമ വകുപ്പിന്റെ സെക്രട്ടറി ഡോ. ഉഷാ ടൈറ്റസും ഒന്നര വർഷം മുമ്പ് പോയി കാര്യങ്ങൾ മനസ്സിലാക്കിയതിനെത്തുടർന്ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതിലെ അന്തേവാസികളായിട്ടുള്ള കുട്ടികൾക്ക് കൂടുതൽ ചികിൽസയും പരിചരണവും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ഡോക്ടറും സൈക്യാട്രി ഡോക്ടറുമായ കോഴിക്കോട് പ്രവർത്തിക്കുന്ന ഇംഹാൻസിന്റെ ഡയറക്ടർ ഡോ. കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒന്നര വർഷമായി നിരന്തരമായി അവിടെ ചികിൽസയും പരിചരണവും ഒപ്പം രക്ഷാകർത്താക്കളെ വിളിച്ചുചേർത്തുകൊണ്ട് അവർക്കാവശ്യമായിട്ടുള്ള ചില ക്യാമ്പുകളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. പക്ഷെ അതിനിടയിൽ കഴിഞ്ഞ ദിവസം ഒരു ചാനലിൽ ഇതുസംബന്ധിച്ച് വിവരങ്ങൾ പ്രത്യക്ഷപ്പെട്ടു. യഥാർത്ഥത്തിൽ രണ്ടു കൊല്ലങ്ങൾക്കപ്പുറത്താണ് ഈ സ്ഥാപനം വന്നു കണ്ടിരുന്നതെങ്കിൽ ഇതിനേക്കാൾ എത്രയോ ദയനീയമായ ചിത്രമായിരുന്നു? ഇപ്പോൾ അവിടത്തെ അന്തേവാസികൾക്ക് യൂണിഫോമും ആവശ്യമായിട്ടുള്ള ഉപകരണവുമൊക്കെ കൊടുത്തു. സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഭാഗമായി രണ്ടു പേർ മാത്രമുള്ള തസ്തിക പോരെന്നുകണ്ട് അഡീഷണലായിട്ട് കഴിഞ്ഞ ഒരു വർഷമായി ഏഴ് പേരാണ് അവിടെ ജോലി ചെയ്യുന്നതിനുവേണ്ടി നിയമിച്ചിട്ടുള്ളത്. മൂന്നു കോടി രൂപയുടെ ഒരു പുതിയ കെട്ടിടം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി ടെൻഡറായി. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തറക്കല്ലിടാൻ സാധിക്കും. അതിനുള്ള എല്ലാ നടപടികളും കഴിഞ്ഞ രണ്ടു കൊല്ലമായി സ്വീകരിച്ചുവരികയാണ്.

(13) സി. എച്ച്. സി.-യിലെ ജീവനക്കാരുടെ അപര്യാപ്തത

<u>ശ്രീ. എൻ. രാജൻ</u>: സർ, തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. 1994 വരെ എട്ടു ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭിച്ചിരുന്നതാണ്. പിന്നെ ഡോക്ടർമാരുടെ എണ്ണം ആറായി ചുരുക്കി കാൽ ഡ്യൂട്ടി സർവ്വീസ് ലഭിക്കുക മാത്രമാണ് ഉണ്ടായിട്ടുള്ളത്. എൻ.ആർ.എച്ച്.എം.-ന്റെ പ്രവർത്തനം വന്നപ്പോൾ കുറേക്കൂടി കാര്യക്ഷമമായിട്ട് എട്ടു ഡോക്ടർമാരുടെ സേവനം കിട്ടി. ഇപ്പോൾ തൊട്ടടുത്ത ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ സംഭവിച്ചതുപോലെ കൂട്ട സ്ഥലംമാറ്റം വന്നപ്പോൾ വന്നത് രണ്ടു ഡോക്ടർമാരാണ്. ഏറ്റവും നല്ല ഗൈനോക്കോളജിയുടെ സർവ്വീസുള്ള

LIBRARY ARCHIVES Kerala Legislative Assembly